**Mar Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
St. Alphonsa of Immaculate Conception Cathedral,
St. Ignatius Square
Preston, Lancashire
United Kingdom
PR1 1TT
Email: smbishopofgb@gmail.com

Circular 3/2018 25 February 2018

# എയിൽസ്ഫോർഡ്, വാത്സിംഹാം മരിയൻ തീർത്ഥാടനങ്ങൾ

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

പരിശുദ്ധ ദൈവമാതാവിനോടുള്ള വണക്കത്തെ സഭയിൽ പുലരേണ്ട യുക്തമായ ഒരു സുകൃതമായിട്ടാണ് തിരുസ്സഭ കാണുന്നത്. 'സകല തലമുറകളും എന്നെ ഭാഗ്യവതിയെന്നു പ്രകീർത്തിക്കും' എന്നുള്ള മരിയൻ പ്രവചനത്തിന്റെ സവിശേഷമായ പൂർത്തീകരണവുമാണത്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "ദൈവം കാരുണ്യപൂർവ്വം തന്റെ പുത്രൻ കഴിഞ്ഞാൽ എല്ലാ മാലാഖാമാരിലും മനുഷ്യരിലും ഉപരിയായി ഉയർത്തിയ മറിയത്തെ ദൈവത്തിന്റെ പരിശുദ്ധ മാതാവും മിശിഹായുടെ ജീവിതരഹസ്യങ്ങളിൽ പങ്കുകാരിയുമായി സഭ പ്രത്യേകവിധം ബഹുമാനിക്കുന്നത് യുക്തമാണ്" (തിരുസ്സഭ 66). പരിശുദ്ധ മറിയത്തിനു രക്ഷാകരപദ്ധതിയിൽ ദൈവ നിശ്ചയപ്രകാരമുള്ള സവിശേഷമായ സ്ഥാനത്തെ സഭ എക്കാലവും ഏറ്റുപറയുന്നുണ്ട്. 'ഇതാ കർത്താവിന്റെ ദാസി' എന്ന് പറഞ്ഞുകൊണ്ട്, ദൈവവചനത്തിനു സ്വയം വിധേയമാക്കി രക്ഷാകരമായ തിരുവുള്ളം പൂർണ്ണഹൃദയത്തോടെ സ്വീകരിച്ച മറിയത്തെപ്പോലെ ഞങ്ങളെയും രക്ഷാകരരഹസ്യത്തിൽ പങ്കുവഹിക്കുവാൻ പ്രാപ്തരാക്കണമെന്ന് സഭ പ്രാർത്ഥിക്കുമ്പോൾ അതു പരിശുദ്ധ മറിയത്തിന്റെ മഹനീയസ്ഥാനത്തിന്റെ പ്രഘോഷണവുമാണ്. പരിശുദ്ധ കന്യാമറിയത്തിന്റെ പുണ്യയോഗ്യതകളുടെ ഏകകാരണം ദൈവപരിപാലനയുടെ തിരഞ്ഞെടുപ്പും (തിരുസ്സഭ 61) അവൾക്കു സഭയിലുള്ള സ്വാധീനത്തിന്റെ ഉത്ഭവസ്ഥാനം മിശിഹായുടെ യോഗ്യതകളുമാണെന്ന് (തിരുസ്സഭ 60) സഭ പഠിപ്പിക്കുന്നു.

'മറിയത്തിലൂടെ ഈശോയിലേക്ക്' എന്നത് തീർത്ഥാടകയായ സഭയുടെ വിശിഷ്ടമായ ഒരു ദർശനമാണ്. തന്റെ സമീപം എത്തുന്നവർക്ക് തന്റെ പുത്രന്റെ സന്നിധിയിലേക്കുള്ള കൃത്യതയുള്ള ദിശാസൂചികയായി കാനായിലെന്നതുപോലെ കാലാതിവർത്തിയായി പരിശുദ്ധ അമ്മ നിലകൊള്ളുന്നു. സഭയുടെ യുഗാന്ത്യോന്മുഖ തീർത്ഥാടനത്തിൽ പരിശുദ്ധ മറിയം സഭയ്ക്കു മാതൃകയാണ്. വരാനിരിക്കുന്നവനിലേക്ക് സമയത്തിലൂടെയുള്ള യാത്രയിൽ തിരുസ്സഭ മുന്നേറുന്നത് - തന്റെ പുത്രനോടുള്ള ഐക്യം കുരിശോളം വിശ്വസ്തതയോടെ കാത്തുകൊണ്ടു തന്റെ വിശ്വാസത്തിന്റെ തീർത്ഥയാത്രയിൽ - പരിശുദ്ധ മറിയം നടന്ന് തീർത്ത വഴികളിലൂടെയാണെന്നു വിശുദ്ധ ജോൺ പോൾ രണ്ടാമൻ പ്രസ്താവിക്കുന്നു (രക്ഷകന്റെ അമ്മ 2).

**Mar Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
St. Alphonsa of Immaculate Conception Cathedral,
St. Ignatius Square
Preston, Lancashire
United Kingdom
PR1 1TT
Email: smbishopofgb@gmail.com

അമ്മയുടെ സവിധത്തിലേക്കുള്ള യാത്രകളെല്ലാം ദൈവപരിപാലന അനുവദിച്ചവയും തിരുസ്സഭ പ്രഘോഷിക്കുന്നവയും മക്കളായ നമ്മൾ അനുകരിക്കേണ്ടവയുമായ സുകൃതങ്ങളിലേക്കുള്ള തീർത്ഥാടനങ്ങളാണ്. പരിശുദ്ധ അമ്മയിൽ വിളങ്ങിയിരുന്ന 'അനുസരണം, വിശ്വാസം, ശരണം, ജ്വലിക്കുന്ന ഉപവി എന്നീ സുകൃതങ്ങളെ അടുത്തറിയാനും അനുകരിക്കാനുമുള്ള ആത്മാർത്ഥമായ ആത്മീയശ്രമങ്ങളാണ് നമുക്ക് ഈ യാത്രകൾ.

നമ്മുടെ രൂപത പരിശുദ്ധ ദൈവമാതാവിനു പ്രത്യേകമായ വിധത്തിൽ പ്രതിഷ്ഠിതമായിരിക്കുന്ന വിശ്വാസസമൂഹമാണ്. അതുകൊണ്ടുതന്നെ അമ്മയുടെ മാതൃകയും മാധ്യസ്ഥ്യവും മിശിഹായോടുള്ള നമ്മുടെ ബന്ധത്തിൽ നിർണ്ണായകവുമാണ്. അതിനാൽ, 'ഇതാ നിന്റെ അമ്മ' എന്ന ഈശോയുടെ വചനത്തെ, അവിടുന്ന് സ്നേഹിച്ച ശിഷ്യനെപ്പോലെ ഗ്രേറ്റ് ബ്രിട്ടൻ രൂപതയും ഏറ്റെടുക്കുന്നു. 'അപ്പോൾ മുതൽ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചുകൊണ്ട്' ആ ശിഷ്യൻ തന്നെ സ്നേഹിക്കുന്ന മിശിഹായോടു തനിക്കുള്ള സ്നേഹത്തെ കുരിശിൻചുവട്ടിൽ സാക്ഷ്യപ്പെടുത്തി. മിശിഹായോടുള്ള ബന്ധമാണ് അവിടുത്തെ അമ്മയോടുള്ള ബന്ധത്തെ നിർണ്ണയിക്കുന്നതിൽ പ്രാധാന്യമർഹിക്കുന്നത്. മരിയവണക്കം ദൈവാരാധനയ്ക്കു സഹായകമാണെന്ന കൗൺസിൽ പ്രബോധനത്തെ (തിരുസ്സഭ 66) നമ്മൾ ഹൃദയപൂർവ്വം സ്വീകരിക്കണം.

പരിശുദ്ധ ദൈവമാതാവിനോട് ശ്ലീഹന്മാരും ആദിമസഭയും പുലർത്തിയിരുന്ന ആദരവണക്കങ്ങളെ അതേ ചൈതന്യത്തോടെ അപ്പസ്തോലിക പൈതൃകമായി സ്വീകരിച്ചു വളർന്ന സഭയാണ് നമ്മുടേത്. ആ ആഭിമുഖ്യങ്ങളെ ജീവിതത്തിന്റെ ഭാഗമാക്കിയ സഭാമക്കൾ പരിശുദ്ധ അമ്മയോടുള്ള തങ്ങളുടെ വണക്കം കാലദേശാതീതമായി കാത്തുസൂക്ഷിക്കുന്നു. വിശ്വാസത്തിന് വിലക്കുള്ള നാടുകളിലേക്കുൾപ്പെടെ ജോലിതേടി കടന്നുപോയപ്പോഴും ഒരു ബൈബിളും ഒരു ജപമാലയും കരുതുവാൻ സീറോമലബാർ സഭാമക്കൾ മറന്നില്ലായെന്നത് ഇതിന് തെളിവാണ്. ഈ വിധം മിശിഹായോടും അവിടുത്തെ മാതാവിനോടും നാം പുലർത്തുന്ന അടുപ്പം നിലനിർത്താനും അത് തലമുറകളിലേക്കു കൈമാറുവാനും സാധ്യമായ എല്ലാ മാർഗ്ഗങ്ങളും നാം സ്വീകരിക്കണം. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് നമ്മുടെ രൂപതാർത്തിക്കുള്ളിലെ അറിയപ്പെടുന്ന മരിയൻ തീർത്ഥാടനകേന്ദ്രങ്ങളായ എയിൽസ്ഫോർഡ്, വാത്സിംഹാം എന്നീ കേന്ദ്രങ്ങളിലേക്ക് നമ്മൾ രൂപതാ തീർത്ഥാടനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

1251 ൽ പരിശുദ്ധ അമ്മ ദർശനത്തിലൂടെ വിശുദ്ധ സൈമൺ സ്റ്റോക്കിന് വെന്തിങ്ങ (സ്കാപുലർ) നല്കിയ പുണ്യസ്ഥലമാണ് എയിൽസ്ഫോർഡ്. 2018 മെയ് 27 നാണ് നമ്മുടെ രൂപതയുടെ പ്രഥമ എയിൽസ്ഫോർഡ് മരിയൻ തീർത്ഥാടനം നടക്കുന്നത്. ഉച്ചക്കു 12 മുതൽ വൈകുന്നേരം 5.30 വരെ തീർത്ഥാടനകേന്ദ്രത്തിൽ ആഘോഷമായ തിരുനാൾ കുർബാന ഉൾപ്പെടെയുള്ള വിവിധ ശുശ്രൂഷകൾ നടത്തപ്പെടും.

**Mar Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
St. Alphonsa of Immaculate Conception Cathedral,
St. Ignatius Square
Preston, Lancashire
United Kingdom
PR1 1TT
Email: smbishopofgb@gmail.com

1061 ൽ റിച്ചെൽഡിസ പ്രഭിക്കു പരിശുദ്ധ അമ്മ ദർശനത്തിലൂടെ വെളിപ്പെടുത്തിയ ആഗ്രഹത്തിന്റെ പൂർത്തീകരണമാണ് വാത്സിംഗ്ഹാം ദൈവാലയം. ഇംഗ്ലണ്ടിലെ നസ്രത്ത് എന്നറിയപ്പെടുന്ന വാത്സിംഹാമിലേക്ക് രൂപതയുടെ രണ്ടാം തീർത്ഥാടനം നടത്തപ്പെടുന്നത് 2018 ജൂലൈ 15-ാം തീയതിയാണ്. അന്നേ ദിവസം രാവിലെ 9 മുതൽ 5 വരെ തീർത്ഥാടനകേന്ദ്രത്തിൽ വിവിധ ശുശ്രൂഷകൾ നടത്തപ്പെടുന്നതാണ്. തീർത്ഥാടനങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ തുടർന്നുള്ള ദിവസങ്ങളിൽ നിങ്ങൾക്കു ലഭ്യമാക്കും. നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങളും വ്യക്തികളും ഈ തീർത്ഥാടനങ്ങളിൽ ഒന്നിലെങ്കിലും പങ്കെടുക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട വൈദികരും കൈക്കാരന്മാരും കമ്മറ്റിയംഗങ്ങളും കുർബാന സെന്ററുകളിൽനിന്നും തീർത്ഥാടനത്തിനുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ത്യാഗപൂർവ്വമായ പങ്കാളിത്തത്തോടെ നമ്മുടെ നിത്യസഹായവും അഭയസ്ഥാനവും പ്രതീക്ഷയുമായ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥത്തിന് നമ്മുടെ കുടുംബങ്ങളെയും രൂപതയെയും നമുക്കു ഭരമേൽപിക്കുകയും പരിശുദ്ധ മറിയം നമ്മുക്കുവേണ്ടി സമ്പാദിച്ച എല്ലാ നന്മകളും നമുക്കൊന്നുചേർന്ന് സ്വീകരിക്കുകയും ചെയ്യാം. വചനമായ മിശിഹായെ ഹൃദയത്തിലെന്നതുപോലെ ഉദരത്തിലും സംവഹിക്കുകയും ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ മനുഷ്യർക്കു സമാധാനവും ആകത്തക്കവിധം ലോകത്തിനു സമ്മാനിക്കുകയും ചെയ്ത പരിശുദ്ധ അമ്മയെ അനുകരിച്ച് മിശിഹാരഹസ്യത്തിൽ ആഴപ്പെടാനും അനുദിനജീവിതത്തിൽ അതിനു സാക്ഷികളാകാനുമുള്ള കൃപക്കായി നമുക്കു പരിശുദ്ധ മറിയത്തിന്റെ മാദ്ധ്യസ്ഥം തേടാം. നിങ്ങളെയെല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സെന്ററുകളിലും 2018 മാർച്ച് 25ന് മുമ്പായി വായിക്കേ താണ്.